# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1182A/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 15/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1182A/2023 തീയ്യതി: 15/12/2023

# ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-04-2023 മുതൽ 15-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കൃഷ്ണദാസ് എൻ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ
ശ്രീമതി ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രവീണ രവികുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സഹജൻ കെ.എൻ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രശാന്ത് എം.റ്റി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീ.ജയ്മോൻ കെ.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 30-05-2022 | 26-07-2022 |
| ശ്രീ.ആശിഷ് ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2022 | 31-03-2023 |
| ഡോ.ഷെറിൻ മേരി മാത്യൂ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-12-2022 |
| ഡോ.സജിൻ ജോൺ മാത്തുണ്ണി | മെഡിക്കൽ ഓഫീസർ | 01-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി.) | | |
| ഡോ.ശ്രീധർശൻ കെ.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.അനിത അനൂപ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ആർ.എസ്.രാമസ്വാമി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.മുരുഗൻ കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റിനു തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജിൻസ് കെ.ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 10-05-2022 |
| ശ്രീമതി രഹിത എൻ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11-05-2022 | 18-07-2022 |
| ശ്രീ.ഫൈസൽ പി.വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 19-07-2022 | 13-09-2022 |
| ശ്രീ.പ്രശോഭ് കെ.പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 14-09-2022 | 31-03-2023 |
| ശ്രീമതി ഖദീജ കെ.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി അനുമോൾ അഗസ്റ്റി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീ.അജയകുമാർ പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| ശ്രീ.രാജൻ എം.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീ.ഷൺമുഖവേൽ കെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീമതി ലിസി റ്റി.എബ്രഹാം | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഓൺലൈൻ പേയ്മെന്റ് ആയി അക്കൗണ്ടിൽ വന്ന തുക രസീത് നൽകി ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന് അനുബന്ധമായ ജേണൽ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ബഡ്ജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച - ഗ്രാമ പഞ്ചായത്തിന് നഷ്ടമാകുന്നത് ₹23,53,825/- | 1-3-1 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല | 1-4-1 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 20 | തനത് വിഭവ സമാഹരണം - അവലോകനം | 1-10 |
| 21 | വസ്തു നികുതി പരിഷ്കരണം - ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല | 1-11 |
| 22 | വസ്തു നികുതി - തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചു | 1-12 |
| 23 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നില്ല | 1-12-1 |
| 24 | തറ വിസ്തീർണം അടിസ്ഥാനമാക്കാതെ നികുതി നിർണയിച്ചത് | 1-12-2 |
| 25 | ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ വസ്തുനികുതി ഈടാക്കുന്നു | 1-12-3 |
| 26 | കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് | 1-12-4 |
| 27 | വിവിധ കെട്ടിടങ്ങളിലെ വാടക ഈടാക്കിയില്ല | 1-13 |
| 28 | മൂന്നാർ പാർക്കിംഗ് ഗ്രൗണ്ട് ഫീസ് പിരിവിൽ ക്രമക്കേട് | 1-14 |
| 29 | ലൈസൻസില്ലാതെ ബിസിനസ് സ്ഥാപനം പ്രവർത്തിക്കുന്നു | 1-15 |
| 30 | ലൈസൻസില്ലാതെ ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 31 | ഇ-ടെണ്ടർ ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിച്ചിട്ടില്ല | 1-17 |
| 32 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-18 |
| 33 | മരുന്ന് വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല | 1-19 |
| 34 | പാലിയേറ്റീവ് കെയർ സംവിധാനം - വാഹന ക്വട്ടേഷൻ സംബന്ധിച്ച് | 1-20 |
| 35 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയിലെ അപാകത | 1-21 |
| 36 | ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകി | 1-22 |

| | | |
|---|---|---|
| 37 | അർഹതയില്ലാത്ത കാലയളവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു | 1-23 |
| 38 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കൽ ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ | 1-24 |
| 39 | അഗതി രഹിത കേരളം പദ്ധതി നടപ്പായില്ല - പദ്ധതി തുക നിഷ്ക്രിയമായി അവശേഷിക്കുന്നു | 1-25 |
| 40 | ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി | 1-26 |
| 41 | അനധികൃതവും ആറ് വർഷം മാത്രം കാലപ്പഴക്കവുമുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകി | 1-27 |
| 42 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ, വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം | 1-28 |
| 43 | ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-29 |
| 44 | ലെഗസി വേസ്റ്റ് മാനേജ്മെന്റ് - രേഖകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് | 1-30 |
| 45 | സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പ്രാരംഭദശയിൽ തന്നെ ഉപേക്ഷിച്ചിരിക്കുന്നു - ചെലവ് തടസ്സം | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 10/07/2023 ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ ഏന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും. അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മൂന്നാർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 15.12.2023 | ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. നോട്ട്സ് ഓൺ അക്കൌണ്ട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ(എം.എസ്.) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

2) സ്ഥിര നിക്ഷേപം സംബന്ധിച്ച ശീർഷകങ്ങളിൽ തുകകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥിരനിക്ഷേപമിനത്തിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് തുക ₹500000/- ആണെങ്കിലും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹1324824/- ആണ്. തൻവർഷം പിൻവലിച്ച ₹1399170/- ജേണൽ എൻട്രി മുഖേന ഹെഡിൽ നിന്നും നീക്കം ചെയ്യാത്തത് മൂലമാണ് വ്യതിയാനമുണ്ടായിരിക്കുന്നത്.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-4 ഓൺലൈൻ പേയ്മെന്റ് ആയി അക്കൗണ്ടിൽ വന്ന തുക രസീത് നൽകി ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് മാറ്റിയിട്ടില്ല

ഓൺലൈൻ പേയ്മെന്റ് അക്കൌണ്ടിൽ മാർച്ച് 2023ന് നീക്കിയിരിപ്പുള്ള തുക നിലവിലും ബന്ധപ്പെട്ട ഹെഡിലേക്ക് രേഖപ്പെടുത്തൽ വരുത്താതെ അവശേഷിക്കുന്നു.

1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സോഫ്റ്റ് വെയറിൽ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

1-1-6 ഡിപ്രീസിയേഷൻ കണക്കാക്കിയതിന് അനുബന്ധമായ ജേണൽ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല

ഡിപ്രീസിയേഷൻ കണക്കാക്കിയതിന് അനുബന്ധമായ ജേണൽ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

1-1-7 വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല

വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ തൻവർഷ കുടിശിക ഡി.സി.ബി, തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കുകളിലെ വിവിധ വരുമാനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ ആധികാരികത വ്യക്തമല്ല. രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനും വാർഷിക കണക്കിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വസ്തുനികുതിയുടെ സംഗതിയിൽ വാർഷിക കണക്കുകളിലെ തുകകളും നികുതി സോഫ്റ്റ്വെയറിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല അതിനാൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നതിന് സാധിക്കുന്നില്ല.

1-2 ബഡ്ജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23/03/2022ലെ 2(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 26/03/2022ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23ലെ ബജറ്റ് | 2022-23ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 23/03/2022ലെ 2(1) നമ്പർ തീരുമാനം | 3/03/2023ലെ 1(1) നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 26/03/2022ലെ 1(1) നമ്പർ തീരുമാനം | 24/03/2023ലെ 12(1) നമ്പർ തീരുമാനം |

| | | |
|---|---|---|
| മുന്നിരിപ്പ് | ₹10381687 | ₹5006903.06 |
| വരവ് | ₹392291000 | ₹325019600.00 |
| ആകെ വരവ് | ₹402672687 | ₹330026503.06 |
| ആകെ ചെലവ് | ₹400368500 | ₹326586000.00 |
| മിച്ചം | ₹2304187 | ₹3440503.06 |

1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 48013000 | 48013000 | 41613025 | |
| വികസനഫണ്ട് – എസ്.സി.പി. | 0 | 40243000 | 40243000 | 36290566 | |
| വികസനഫണ്ട് – റ്റി.എസ്.സി.പി. | 0 | 538000 | 538000 | 341295 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 12071622 | 12071622 | 9542196 | 2529426 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 7200964 | 7200964 | 3437640 | 3763324 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 6587000 | 6587000 | 3957925 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 1459000 | 1459000 | 214155 | |
| എസ്.എസ്.എ – 450210101 | 396528 | 10816 | 407344 | 0 | 407344 |
| പൈക്ക – 450210101 | 262885 | 7170 | 270055 | 0 | 270055 |
| ഐ.സി.ഡി.എസ് | 3486787 | 0 | 3486787 | 3486787 | 0 |
| ശുചിത്വ മിഷൻ | 3319841 | 0 | 3319841 | 3319841 | 0 |
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 118 | 0 | 118 | 118 | 0 |
| ഹെൽത്ത് ഗ്രാന്റ് – 320100202 | 0 | 565284 | 565284 | 0 | 565284 |
| ഹെൽത്ത് ഗ്രാന്റ് – 320100204 | 0 | 329712 | 329712 | 0 | 329712 |
| 320100999 | 0 | 39586 | 39586 | 0 | 39586 |
| 320300199 | 0 | 734613 | 734613 | 16800 | 717813 |
| 320400199 | 0 | 100000 | 100000 | 0 | 100000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല. അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബജറ്റ് വിഹിതം ₹ | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട് – (ജനറൽ) | 48013000 | 0 | 1138800 | 46874200 |
| വികസനഫണ്ട് (SCP) | 40243000 | 432442 | 0 | 39810558 |

### 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച – ഗ്രാമ പഞ്ചായത്തിന് നഷ്ടമാകുന്നത് ₹23,53,825/-

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഷോർട്ട് ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് ടി.എസ്.പി., ആസ്തി പരിപാലന ഗ്രാന്റ് – റോഡിതരം, റോഡ് എന്നിവയുടെ ചെലവ് 80% പരിധി കടന്നില്ല. തൻമൂലം ഷോർട്ട് ഫോളായി ₹23,53,825/-യാണ് ചുവടെ ചേർക്കുന്നപ്രകാരം നഷ്ടമാകുന്നത്.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | നീക്കിയിരിപ്പ് | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ആയ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | 538000 | 341295 | 63.43 | 196705 | 107600 | 89105 |
| ആസ്തി പരിപാലന ഗ്രാന്റ് –റോഡിതരം | 6587000 | 3957925 | 60.08 | 2629075 | 1317400 | 1311675 |
| ആസ്തി പരിപാലന ഗ്രാന്റ് – റോഡ് | 1459000 | 214155 | 14.68 | 1244845 | 291800 | 953045 |
| | ആകെ | | | | | 2353825 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം % |
|---|---|---|---|---|---|
| 206 | 218971607 | 127 | 105951697 | 79 | 61.7 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 5552130 | 4206562 |
| വെറ്ററിനറി സർജൻ | 6 | 5 | 9290800 | 5692958 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 6 | 4 | 2493331 | 1466404 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 750000 | 747915 |
| വി.ഇ.ഒ. | 8 | 6 | 70551000 | 28349000 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 9281800 | 7581212 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4000000 | 1997625 |
| സെക്രട്ടറി | 36 | 27 | 54317812 | 22244650 |
| ഹെഡ് മാസ്റ്റർ, ഗവ എൽ. പി. എസ്. | 3 | 3 | 3649680 | 3501018 |
| അസി. എഞ്ചിനീയർ | 116 | 56 | 48633119 | 21051558 |
| അസി. സെക്രട്ടറി | 11 | 9 | 10151935 | 8812795 |
| ആകെ | 206 | 127 | 218971607 | 105951697 |

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 48.39% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 82%ഉം എസ്.സി.പി. ഫണ്ടിന്റെ 90%ഉം ടി.എസ്.പി. ഫണ്ട് 63%ഉം വിനിയോഗിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഫണ്ട് റോഡ് 18% നോൺ റോഡ് 56% എന്നിങ്ങനെയാണ് മറ്റ് ചെലവുകൾ.

### 1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.84/തസ്വഭവ./തീ. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ./തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ./തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചുകൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017ലെ ജി.ഒ.(ആർ.ടി)166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22555 | 1279235 | 1301790 | 1285372 | 16418 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 52883582 | 52883582 | 52883582 | 0 |

## 1-6 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 35967800 | 3671 |
| വിധവ പെൻഷൻ | 8131000 | 1005 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3348200 | 337 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 107200 | 11 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22,466/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. റോഡ് മെയിന്റനൻസ് ഫണ്ടിന്റെ 18%വും റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 56%വും മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുള്ളത്. നിശ്ചിത ശതമാനം തുക ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ മെയിന്റനൻസ് ഫണ്ടിനത്തിൽ തുക ലാപ്സായിട്ടുണ്ട്.

## 1-9 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. മൂന്നാർ ശാഖയിൽ ഒരു അക്കൗണ്ടും (നം. 37275239098) സൗത്ത് ഇന്ത്യൻ ബാങ്ക് മൂന്നാർ ശാഖയിൽ ഡിജിറ്റൽ പേയ്മെന്റിനായി ഒരു അക്കൗണ്ടും (നം. 0717073000000169) പരിപാലിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 30.09.2023 വരെയുള്ള പാസ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹6,71,127.50യും സൗത്ത് ഇന്ത്യൻ ബാങ്കിൽ ₹15,38,971/-യും അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചത് വഴി ഗണ്യമായ തുക പലിശ ഇനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതി ഇനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിര നിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തനത് വിഭവ സമാഹരണം - അവലോകനം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി

ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളേപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ വെയ്ക്കേണ്ടതാണ് [2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60)] .

നികുതി നികുതിയേതര വരുമാനങ്ങൾ

*എ) തൊഴിൽ നികുതി*

തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല. ഇപ്രകാരം ഡാറ്റാബേസ് തയാറാക്കി അതിൽ ഉൾപ്പെടുന്നവർക്ക് ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

*ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്*

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ.(എസ്.ആർ.ഒ./നം. 674/2017) മുഖേന പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10ലെ പട്ടിക 2ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ, വിവിധ വ്യാപാരങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

*സി) വസ്തു നികുതി*

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മി റ്റിയുടെ ശുപാർശ, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/LSD. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 29/09/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 2(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്.

പരിഷ്കരിച്ച വസ്തു നികുതി സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പുനർ നിർണ്ണയം

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ

ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ, അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്. അതിനെ തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ, തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

*ഡി) വിനോദ നികുതി*

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ ടി. വി. നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാര സാധ്യതകളായ സിപ്പ് ലൈൻ (റോപ്പ് വേ) എന്നിവയുടെ സാധ്യതകൾ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

ഇ) ഉത്തരവാദിത്ത ടൂറിസം

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്ര സമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. പഞ്ചായത്തിൽ പ്രധാന ടൂറിസം കേന്ദ്രങ്ങൾ നിലവിലുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ. 8.15ൽ നിർദ്ദേശിക്കുന്ന പ്രകാരം വിനോദ സഞ്ചാര മേഖലകൾ വികസിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-11 വസ്തു നികുതി പരിഷ്കരണം - ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല

മൂന്നാർ ഗ്രാമപഞ്ചായത്തിലെ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 29/09/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 2(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. 2023ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ ഫ്യുവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്ക് ഉൾപ്പെട്ടിട്ടില്ല. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/തീ. 18.10.2023) മറുപടി ലഭ്യമാക്കിയില്ല. ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

### 1-12 വസ്തു നികുതി - തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചു

ഫെഡറൽ ബാങ്ക് മാനേജരുടെ ഉടമസ്ഥതയിലുള്ള 19/264 എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി “ഓഫീസ്” എന്ന ഉപയോഗക്രമത്തിന് പകരം “ബങ്ക്” എന്ന ഉപയോഗക്രമത്തിൽ നിശ്ചയിച്ച് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/തീ. 16.10.2023)ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഡേറ്റ എൻട്രിയിൽ വന്ന തെറ്റാണ് ഇത്തരമൊരു അപാകതക്ക് കാരണമെന്നും ഉപയോഗക്രമം കൃത്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉപയോഗക്രമം കൃത്യമാക്കി നികുതി പുതുക്കി നിശ്ചയിച്ച് അറിയിക്കേണ്ടതാണ്.

### 1-12-1 മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നില്ല

വസ്തു നികുതി നിർണയ സോഫ്റ്റ്‌വെയറായ സഞ്ചയ പ്രകാരം മൂന്നാർ ഗ്രാമ പഞ്ചായത്തിൽ ജിയോ ടെലികോം ഓപ്പറേറ്റർക്ക് മാത്രമാണ് 3 ടവറുകളും കെട്ടിട നമ്പറുകളുമുള്ളത്. എന്നാൽ മൂന്നാർ പട്ടണത്തിൽ വി.ഐ., എയർടെൽ, ബി.എസ്.എൻ.എൽ. തുടങ്ങി എല്ലാ ടെലികോം ഓപ്പറേറ്റർമാരുടെയും സിഗ്നലുകളും ലഭ്യമാണ്. പഞ്ചായത്തിന് വളരെ അടുത്തുള്ള ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയിച്ചിട്ടില്ല.

| ക്രമ നം. | ഓപ്പറേറ്റർ | സ്ഥിതി ചെയ്യുന്ന സ്ഥാനം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | ബി.എസ്.എൻ.എൽ. ടെലിഫോൺ എക്സ്ചേഞ്ചിന് സമീപം |
| 2 | എയർടെൽ | റോമൻ കാത്തലിക് ചർച്ചിന് സമീപം |

വസ്തു നികുതി നിർണയിച്ച്/ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-12-2 തറ വിസ്തീർണം അടിസ്ഥാനമാക്കാതെ നികുതി നിർണയിച്ചത്

മൂന്നാർ പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹70/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ.-യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് മുൻ വർഷങ്ങളിൽ സഞ്ചയയിൽ നികുതി കണക്കാക്കിയത്.

| ക്രമ. നം. | ബിൽഡിംഗ് ഐ.ഡി. | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|---|---|
| 1 | 50579010001000 | 1/446 | ടാറ്റ ടീ | വെസ്റ്റ് ഡിവിഷൻ,<br>നയമക്കാട് എസ്റ്റേറ്റ്,<br>മൂന്നാർ | 208 |
| 2 | 50579010000924 | 3/135 | ടാറ്റ ടീ | നാവൽ ഡിവിഷൻ,<br>ചട്ടമൂന്നർ എസ്റ്റേറ്റ്, | 112.5 |
| 3 | 50579010001187 | 3/328 | ഹസീന ഫർവിൻ | ചട്ടമൂന്നാർ,<br>തലയാർ എസ്റ്റേറ്റ്,<br>ചട്ടമൂന്നാർ | 320 |
| 4 | 50579010001188 | 3/329 | ഹസീന ഫെർവിൻ | ചട്ടമൂന്നാർ, | 160 |

| | | | | | |
|---|---|---|---|---|---|
| | | | | തലയാർ എസ്റ്റേറ്റ്, ചട്ടമൂന്നാർ | |
| 5 | 50579010003616 | 6/320 | ടാറ്റാ ടീ | തെൻമലൈ എസ്റ്റേറ്റ്, വാഗ്വരൈ | 128 |
| 6 | 50579010002387 | 7/412 | ടാറ്റാ ടീ | ലോവർ ഡിവിഷൻ, കന്നിമല എസ്റ്റേറ്റ് | 144 |
| 7 | 50579010000139 | 8/52 | ടാറ്റാ ടീ | ആനമുടി ഡിവിഷൻ, പെരിയവരൈ എസ്റ്റേറ്റ്, മൂന്നാർ | 121 |
| 8 | 50579010009777 | 10/141 | സെബിൻ അലാവുദീൻ | മൂന്നാർ, മൂന്നാർ – 685612 | 150 |
| 9 | 50579010009780 | 10/144 | കെ. എം. ബഷീർ | കുറ്റിക്കാട്ടുചാലിൽ, മൂന്നാർ, മൂന്നാർ – 685612 | 150 |
| 10 | 50579010009815 | 10/165 | ടാറ്റാ ടീ | മൂന്നാർ, മൂന്നാർ – 685612 | 180 |
| 11 | 50579010009935 | 10/310 | പ്രേംകുമാർ | പാണ്ഡ്യൻ കോഫീ ഹൗസ്, മൂന്നാർ | 120 |
| 12 | 50579010010168 | 10/444 | പത്മാവതി | വർക്ക്ഷോപ്പ്, മൂന്നാർ | 120 |
| 13 | 50579010010963 | 10/832 | സി. പി. മജി | മൂന്നാർ | 120 |
| 14 | 50579010011165 | 10/894 | ദാമോദരൻ, | ഹോട്ടൽ ഗുരുഭവൻ, ഇക്കാനഗർ, മൂന്നാർ | 217.45 |
| 15 | 50579010011299 | 10/1043 | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 |
| 16 | 50579010011858 | 10/1043/1 | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 |
| 17 | 50579010011859 | 10/1043/2 | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 |
| 18 | 50579010007962 | 11/36 | ഐസക്ക് പീറ്റർ | പഴയ മൂന്നാർ, മൂന്നാർ | 168 |
| 19 | 50579010007993 | 11/53 | എം.എസ്.എ | മൂന്നാർ ടൗൺ, മൂന്നാർ | 680 |
| 20 | 50579010008000 | 11/56 | സദാനന്ദൻ | എസ്. എൻ. ടൂറിസ്റ്റ് ഹോം, പഴയ മൂന്നാർ | 180 |
| 21 | 50579010008166 | 11/127 | സുശീല | പഴയ മൂന്നാർ, മൂന്നാർ | 192.2 |
| 22 | 50579010008167 | 11/128 | ആന്റണി | മൂലക്കട, | 192.2 |

| | | | | | |
|---|---|---|---|---|---|
| | | | | മൂന്നാർ ടൗൺ, മൂന്നാർ | |
| 23 | 50579010008170 | 11/131 | മാരിയപ്പൻ | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 132 |
| 24 | 50579010008171 | 11/132 | ആണ്ടവ പെരുമാൾ | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 120 |
| 25 | 50579010008173 | 11/134 | ഗ്രേസ്<br>തങ്കദുരൈ | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 240 |
| 26 | 50579010008176 | 11/137 | ബെനറ്റ് ഡാനിയേൽ | 10 സി,<br>ശ്രീ ധന്യാ ഹെവൻ,<br>സർവ്വേ സ്കൂൾ റോഡ്, പേരൂർക്കട,<br>തിരുവനന്തപുരം | 269.79 |
| 27 | 50579010008180 | 11/141 | പളനി സുപ്പയ്യൻ | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 240 |
| 28 | 50579010008183 | 11/144 | രാജപ്പ | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 130 |
| 29 | 50579010008199 | 11/160 | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്,<br>റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്ട്സ് | 194 |
| 30 | 50579010008200 | 11/161 | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്,<br>റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്ട്സ് | 250 |
| 31 | 50579010008201 | 11/162 | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്,<br>റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്ട്സ് | 350 |
| 32 | 50579010008202 | 11/163 | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്,<br>റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്ട്സ് | 250 |
| 33 | 50579010008203 | 11/164 | ലെസ്ലി വില്ലിം | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 250 |
| 34 | 50579010008204 | 11/165 | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്,<br>സ്പാരോ ഹോട്ടൽസ്<br>& റിസോർട്ട്സ് | 275 |
| 35 | 50579010011539 | 13/305 | ദീപക്ക് രാജ് | മൂലക്കട,<br>മൂന്നാർ ടൗൺ, മൂന്നാർ | 170 |
| 36 | 50579010004685 | 14/24 | ടാറ്റാ ടീ | അപ്പർ ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ് | 129 |
| 37 | 50579010004687 | 14/25 | ടാറ്റാ ടീ | അപ്പർ ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ് | 129 |
| 38 | 50579010005627 | 14/480 | ടാറ്റാ റ്റീ | നാഗർമുടി ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ്,<br>മൂന്നാർ | 1984 |
| 39 | 50579010005707 | 14/531 | ടാറ്റാ റ്റീ | നാഗർമുടി ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ്,<br>മൂന്നാർ | 103 |
| 40 | 50579010005030 | 16/319 | ടാറ്റാ ടീ | കല്ലാർ ഡിവിഷൻ, നല്ലതണ്ണി എസ്റ്റേറ്റ്,<br>മൂന്നാർ | 299 |

| | | | | | |
|---|---|---|---|---|---|
| 41 | 50579010006627 | 17/93 | ത്യാഗരാജൻ ബസ്സാർ | നല്ലതണ്ണി എസ്റ്റേറ്റ്, മൂന്നാർ | 115 |
| 42 | 50579010011933 | 17/263 | എം. എസ്സ ടാറ്റാ | ഈസ്റ്റ് ഡിവിഷൻ, നല്ലത്തണ്ണി | 168 |
| 43 | 50579010009048 | 19/44 | അസി. എഞ്ചിനീയർ | പി. ഡബ്ല്യൂ. സെക്ഷൻ, മൂന്നാർ | 120 |
| 44 | 50579010009159 | 19/101 | റ്റി. ഗ്ലാഡ്സൺ ദയകുമാർ | മൂന്നാർ ടൗൺ, മൂന്നാർ | 360 |
| 45 | 50579010009163 | 19/103 | ശരവണ സ്പൈസസ് | മൂന്നാർ | 175 |
| 46 | 50579010009288 | 19/158 | സി. അണ്ണാമലൈ | 8 മുറി ലൈൻ, ടെംബിൾ ലൈൻ റോഡ്, മൂന്നാർ | 160 |
| 47 | 50579010009296 | 19/167 | ആനന്ദ് പ്രഭ | മൂന്നാർ | 120 |
| 48 | 50579010011424 | 19/467 | നിർമ്മൽ പ്രസ്സ് | മൂന്നാർ | 225 |
| 49 | 50579010011432 | 19/475 | സി. എ. കമാർ | മൂന്നാർ – 685612 | 104 |
| 50 | 50579010011434 | 19/477 | സി. എ. കമാർ | മൂന്നാർ – 685612 | 120 |
| 51 | 50579010011472 | 19/517 | പൊന്നുചന്ദ്രൻ | 6 മുറി ലൈൻ, നല്ലതണ്ണി റോഡ് മൂന്നാർ | 280 |
| 52 | 50579010006825 | 20/51 | ടാറ്റാ ടീ | ചോലമലൈ ഡിവിഷൻ, ചോലമലൈ എസ്റ്റേറ്റ്, മൂന്നാർ | 128 |
| 53 | 50579010004087 | 21/472 | ടാറ്റാ റ്റീ | ഈസ്റ്റ് ഡിവിഷൻ, നൈമക്കാട് എസ്റ്റേറ്റ്, മൂന്നാർ | 120 |
| 54 | 50579010001180 | 19/571 | കെ. ബാല സുബ്രമണിയൻ | മാട്ടുപ്പെട്ടി റോഡ്, മൂന്നാർ | 150 |
| 55 | 50579010004018 | 19/575 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 56 | 50579010000086 | 19/577 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 57 | 50579010000181 | 19/578 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 58 | 50579010004014 | 19/579 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 59 | 50579010004015 | 19/580 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 60 | 50579010004022 | 19/583 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |

| | | | | | |
|---|---|---|---|---|---|
| 61 | 50579010004024 | 19/584 | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 |
| 62 | 50579010004628 | 19/588 | ധാര ഗണേശൻ | മൂന്നാർ | 150 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/തീയതി. 16/10/2023) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

### 1-12-3 ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ വസ്തുനികുതി ഈടാക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണയ രേഖകളും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്കായ ച. മീറ്ററിന് ₹160/- ഈടാക്കാതെ താഴെ കൊടുത്തിരിക്കും വിധം കുറഞ്ഞ അടിസ്ഥാന വസ്തു നികുതി ഈടാക്കി വരുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് ₹ | ഈടാക്കേണ്ട നികുതി ₹ | കുറവ് വന്ന നിരക്ക് ₹ | കുറവ് വന്ന അടിസ്ഥാന നികുതി ₹ | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് ₹ | വർദ്ധന ₹ | കുറവ് വന്ന നികുതി ₹ | കുറവ് വന്ന ലൈബ്രറി സെസ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|
| 310 | 10/672, സജികുമാർ | 120 | 40 | 160 | 120 | 14400 | 10 | 20 | 1440 | 2880 | 15840 | 1179 |
| 380 | 10/1020, ജ്ജലി റോജി ആന്റണി | 350 | 40 | 160 | 120 | 42000 | 30 | 20 | 12600 | 8400 | 37800 | 7728 |
| ആകെ | | | | | | | | | | | 53640 | 8907 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/തീ. 12.09.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

### 1-12-4 കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു. എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യൂ. വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 3 അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 10 | 19/1 | സുഗന്ധി ട്രൈറ്റ്സ് | വാണിജ്യം |
| 2 | 18 | 549 | മുരുഗൻ | |
| 3 | 19 | 685 | വി സുന്ദരം | വാണിജ്യം |

കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-13 വിവിധ കെട്ടിടങ്ങളിലെ വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടത്തിലെ വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ പറയുന്ന മുറികളുടെ വാടക പൂർണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിടം | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക + ജി.എസ്.ടി | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ആകെ |
|---|---|---|---|---|---|
| 1. | ചട്ടമൂന്നാർ വെയിറ്റിംഗ് ഷെഡ് | മുനിസ്വാമി | 741+134 | 11/2022 മുതൽ 03/2023 വരെ | 4375 |
| 2. | ബങ്ക് | കാളീശ്വരി | 3105+559 | 05/2022 മുതൽ 03/2023 വരെ | 40304 |
| 3 | പി. എഫ്. ഓഫീസ് | മാനേജർ, പി. എഫ്. ഓഫീസ് | 8940+1610 | 04/2022 മുതൽ 03/2023 വരെ | 126600 |
| 4 | ടൗൺ ടാക്സി സ്റ്റാന്റ് കോംപ്ലക്സ് | മുത്തയ്യ | 2040+368 | 04/2022 മുതൽ 03/2023 വരെ | 28896 |
| 5 | കൃഷി ഭവന് അടുത്തുള്ള മുറി | ആൻസി | 2259+407 | 04/2022 മുതൽ 03/2023 വരെ | 31992 |
| ആകെ | | | | | 232167 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 8/തീ. 18.10.2023) മറുപടി ലഭ്യമാക്കിയില്ല. വാടക കടിശ്ശിക പൂർണമായി ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 മൂന്നാർ പാർക്കിംഗ് ഗ്രൗണ്ട് ഫീസ് പിരിവിൽ ക്രമക്കേട്

മൂന്നാർ ഗ്രാമപഞ്ചായത്തിലെ പാർക്കിംഗ് ഗ്രൗണ്ടിലെ ഓരോ തരം വാഹനത്തിനും പഞ്ചായത്ത് ഈടാക്കുന്ന പാർക്കിംഗ് ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാഹനം | കാർ/ജീപ്പ് | മിനി ബസ്/ടെമ്പോ | ബസ്/ലോറി |
|---|---|---|---|
| ഫീസ് | 50/- 4 മണിക്കൂർ ഓരോ അധിക മണിക്കൂറിനും 10/- വീതം | 100/- 4 മണിക്കൂർ ഓരോ അധിക മണിക്കൂറിനും 20/- വീതം | 150/- 4 മണിക്കൂർ ഓരോ അധിക മണിക്കൂറിനും 30/- വീതം |

മൂന്നാർ ഗ്രാമപഞ്ചായത്തിലെ പാർക്കിംഗ് ഗ്രൗണ്ടിലെ ഫീസ് പിരിവിനായി 50 പേജുകൾ വീതമുള്ള ₹50/-, ₹100/-, ₹150/-യുടെ രസീതുകളാണ് ഉപയോഗിക്കുന്നത്. പാർക്കിംഗ് ഗ്രൗണ്ടിലെ ഫീസ് പിരിവിനായി പഞ്ചായത്ത് ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ദിവസവും അതത് ദിവസത്തെ പിരിവ് തുക പഞ്ചായത്ത് ഓഫീസിൽ ഒടുക്കേണ്ടതാണ്. 50 പേജുകളുള്ള രസീത് ബുക്കുകൾ തീരുന്നതിനനുസരിച്ച് മാത്രമേ അടുത്ത ബുക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ എന്നിരിക്കെ ഒരേ തരം വാഹനത്തിന്റെ ഫീസ് പിരിവിന് ഒരു ദിവസം ഒന്നിൽ കൂടുതൽ രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. 2022-23 വർഷത്തെ രസീത് ബുക്കുകളുടെ പരിശോധനയിലാണ് ഇത് ശ്രദ്ധയിൽപ്പെട്ടത്.

| (ബസ്/ലോറി) | | കാർ/ജീപ്പ് | |
|---|---|---|---|
| ബുക്ക് നം. | പേജ് നം. | ബുക്ക് നം. | പേജ് നം. |
| 39 | 1901-1950 | 120 | 5951-6000 |
| 40 | 1951-2000 | 121 | 6001-6050 |
| 41 | 2001-2050 | | |

പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യത മുന്നിൽ കണ്ട് നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല, പ്രൈവറ്റ് വാഹനങ്ങളുടെ ജീപ്പ് സഫാരി ഓപ്പറേറ്റ് ചെയ്യുന്നത് ഈ പാർക്കിംഗ് ഗ്രൗണ്ടിൽ നിന്നാണ് ഇതിനായി പ്രത്യേക ഫീസ് ഈടാക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19/2023/തീയതി. 20.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങൾക്കായി ഒരു വാട്ടർ വാഷ് സർവീസ് സെന്ററും പ്രസ്തുത സ്ഥലത്ത് പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.

പാർക്കിംഗ് ഗ്രൗണ്ട് ഫീസ് കളക്ഷന്റെ രസീത് ബുക്കുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. രസീത് ബുക്കുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. രസീത് ബുക്കുകളിലെ എല്ലാ പേജുകളിലും കൗണ്ടർഫോയിലുകളിലും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതാണ്.

1-15 ലൈസൻസില്ലാതെ ബിസിനസ് സ്ഥാപനം പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. എന്നാൽ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനി വൈദ്യുതി വിതരണ ബിസിനസ് നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233-ബി(എഫ്), 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 16 എന്നിവ പ്രകാരം കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ ഉത്പാദന വിതരണ സംവിധാനത്തെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനിയെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-16 ലൈസൻസില്ലാതെ ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

മൂന്നാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | സ്വാതിക ആയുർവേദിക് കെയർ സെന്റർ, സ്പാ, മൂന്നാർ |
| 2 | ആയുർ ജീവൻ, സ്പാ, മൂന്നാർ |
| 3 | ആയുർ ക്ഷേത്ര,സ്പാ, മൂന്നാർ |
| 4 | പിനാറ്റ്റ ജീവാന, സ്പാ, മൂന്നാർ |
| 6 | മൂന്നാർ സ്പാ സിഗ്നേച്ചർ, സ്പാ, മൂന്നാർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/തീ. 16.10.2023) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ അറിവോ, അനുമതിയോ കൂടാതെ പ്രവർത്തിക്കുന്നവയാണെന്നും സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-17 ഇ-ടെണ്ടർ ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിച്ചിട്ടില്ല

2017-18 വർഷം മുതൽ ഇ-ടെണ്ടർ ഇനത്തിൽ ലഭിച്ച തുക ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു. 2022-23 വരെ ഈ ഇനത്തിൽ ₹5,07,046/- ലഭിക്കാനുണ്ട്. വിവരങ്ങൾ വർഷം തിരിച്ച് ഉൾപ്പെടുത്തുന്നു.

| വർഷം | തുക (₹) |
|---|---|
| 2017-18 | 114726 |
| 2018-19 | 27240 |
| 2019-20 | 7712 |
| 2020-21 | 129514 |
| 2021-22 | 176713 |
| 2022-23 | 51141 |
| ആകെ | 507046 |

പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരിക വാങ്ങി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രൂട്ടേണ്ടതാണ്.

1-18 ഹോമിയോ മരുന്ന് ലഭ്യമായില്ല

മൂന്നാർ ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ₹2,00,000/- മുൻകൂറായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | കൈമാറിയ തുക, ബിൽ നം./തീയതി | ലഭ്യമായ മരുന്നുകളുടെ മൂല്യം ₹ | | ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം ₹ | |
|---|---|---|---|---|---|
| | | ഗവ.ഹോമിയോ ഡിസ്പെൻസറി, മൂന്നാർ | ആയുഷ് N.H.M. പി.എച്ച്.സി., മൂന്നാർ | ഗവ.ഹോമിയോ ഡിസ്പെൻസറി, മൂന്നാർ | ആയുഷ് N.H.M. പി.എച്ച്.സി., മൂന്നാർ |
| 52/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് - (റോഡിതരം) | ₹300000/- 22100352009800853801/ 02.12.2022 | 77890 | 1,50,000 | 72110 | 0 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 മരുന്ന് വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി./സി.എച്ച്.സി 2022-23 വർഷം നിർവഹണം നടത്തിയ 49/2023 പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹2,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല.

| പ്രോജക്റ്റ് നം. & പ്രോജക്റ്റ് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ |
|---|---|---|---|
| പ്രോജക്റ്റ് നം. 49/2023 മൂന്നാർ പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്നും ഉപകരണങ്ങളും ലാബ് അനുബന്ധ സാമഗ്രികളും വാങ്ങൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 200000 | ബിൽ റഫറൻസ് നം. (BRN) 2210035201551257833 തീയതി 27/02/2023 |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ സംവിധാനം - വാഹന ക്വട്ടേഷൻ സംബന്ധിച്ച്

പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കുന്നതിനായി മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ദേവികുളം രണ്ട് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രൈമറി പാലിയേറ്റീവ് സംവിധാനം (പ്രോജക്റ്റ് നം.47/23)

2. പ്രൈമറി പാലിയേറ്റീവ് കെയർ അധിക വിഹിതം (പ്രോജക്റ്റ് നം. 227/23)

ദേവികുളം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ മൂന്നാർ പ്രൈമറി പെയിൻ ആന്റ് പാലിയേറ്റീവ് കെയറിലെ കിടപ്പ് രോഗികളുടെ പരിചരണം, രോഗീ പരിചരണത്തിനുള്ള മരുന്ന് വാങ്ങൽ, അവശ്യ ഉപകരണങ്ങൾ വാങ്ങൽ, സ്റ്റേഷനറി, വാഹന വാടക, പാലിയേറ്റീവ് നേഴ്സിന്റെ വേതനം, ടീം അംഗങ്ങളുടെ ലൈറ്റ് റിഫ്രഷ്മെന്റ് ചാർജ് എന്നീ ചെലവുകൾക്കായാണ് ഫണ്ട് അനുവദിച്ചത്.

പാലിയേറ്റീവ് ടീമിന് ഗതാഗത സൗകര്യത്തിനായി ഫോർ വീലർ ഉടമകളിൽ നിന്നും ദിവസ വാടക ഇനത്തിൽ ₹1,200/-ൽ അധികരിക്കാത്ത വിധത്തിൽ മത്സര സ്വഭാവമുള്ള റീ ക്വട്ടേഷൻ 25.03.2022ൽ 232/22-ാം നമ്പർ നടപടിക്രമപ്രകാരം ദേവികുളം സാമൂഹ്യ ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ക്ഷണിച്ചിരുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 31.03.2022 ആയിരുന്നു. റീ ക്വട്ടേഷൻ നോട്ടീസ് പ്രകാരം 4 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | ക്വട്ടേഷൻ തീയതി | ക്വോട്ട് ചെയ്ത തുക ₹ |
|---|---|---|---|
| 1 | കെ. സുരേഷ്കുമാർ, ലക്ഷംവീട് കോളനി, ദേവികുളം | 30.03.2022 | 1250 |
| 2 | റ്റി. ശിവ, തങ്കരാജ്, ലോക്ഹാർട്ട് എസ്റ്റേറ്റ്, മൂന്നാർ | 30.03.2022 | 1200 |
| 3 | ജഗൻ കെ., ദേവികുളം എസ്റ്റേറ്റ്, മൂന്നാർ | 31.03.2022 | 999 |
| 4 | രാമർ എസ്., ലാക്കാട് എസ്റ്റേറ്റ് | 31.03.2022 | 1170 |

റീ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിച്ച ക്വട്ടേഷനുകൾ ഭരണ സമിതി അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. 25.03.2022ലെ റീ ക്വട്ടേഷൻ മുമ്പ് ക്ഷണിച്ച ക്വട്ടേഷന്റെയോ ആ ക്വട്ടേഷൻ കമ്മിറ്റി നിരാകരിച്ചതിന്റെയോ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

തുടർന്ന് 2022 മെയ് മാസത്തിൽ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5 ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ക്വട്ടേഷൻ തീയതി | ക്വോട്ട് ചെയ്ത തുക ₹ |
|---|---|---|---|
| 1 | വിമൽ, പുതുക്കടി ഡിവിഷൻ, എല്ലപ്പെട്ടി | 21.05.2022 | 1800 |
| 2 | ജഗൻ കെ., ദേവികുളം | 21.05.2022 | 1750 |
| 3 | സുരേഷ്കുമാർ കെ., ജനീറ്റ ഭവൻ, ദേവികുളം | 21.05.2022 | 1850 |
| 4 | മുരുഗൻ, മാട്ടുപ്പട്ടി എസ്റ്റേറ്റ് | തീയതി രേഖപ്പെടുത്തിയിട്ടില്ല | 1790 |
| 5 | എസ്. ജ്ഞാനദാസ്, ദേവികുളം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 1795 |

ലഭ്യമായ ക്വട്ടേഷനുകളിൽ പലതിലും തുക രേഖപ്പെടുത്താതെ പിന്നീട് എഴുതി ചേർത്തതാണ്. വാഹന നമ്പർ രേഖപ്പെടുത്താത്ത ക്വട്ടേഷനും ഉണ്ട്. മേൽ പട്ടിക ക്രമ നം. 2ലെ ജഗൻ കെ. എന്ന വ്യക്തിക്ക് ക്വട്ടേഷൻ അംഗീകരിച്ച് നൽകിയ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. 25.03.2022ൽ ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം ശ്രീ. ജഗൻ കെ. എന്നയാൾ ദിവസ വാടകയായി ക്വോട്ട് ചെയ്തിരുന്ന തുക ₹999/-യാണ്. എന്നാൽ വ്യക്തമായ കാരണം കൂടാതെ പ്രസ്തുത ക്വട്ടേഷൻ നിരസിച്ച് 5/2022ലെ ക്വട്ടേഷൻ പ്രകാരമുള്ള ദിവസ വാടക ₹1,730/- അംഗീകരിക്കുകയായിരുന്നു. ടിയാൾക്ക് 2022 മെയ് മാസം മുതൽ 2023 മാർച്ച് മാസം വരെ വാഹന വാടകയിനത്തിൽ ₹2,94,000/- മേൽ പദ്ധതികൾ ( 47/23, 227/23) പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | തുക ₹ | കാലയളവ് | നൽകിയ വാഹന വാടക @1750 | | നൽകേണ്ടിയിരുന്ന വാടക @999 | അധികം നൽകിയ വാടക ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 22100352015500411234/<br>12.08.2022 | 106710 | 30.04.2022- 30.06.2022 | 42000 | 8 Days (May 22) +16 Days (June 22) | 23976 | 18024 |
| 2 | 22100352015500594500/<br>29.09.2022 | 99250 | 07/22, 08/22 | 56000 | 32 Days | 31968 | 24032 |
| 3 | 22100552015500921090/<br>16.12.2022 | 99550 | 9/22, 10/22 | 56000 | 32 Days | 31968 | 24032 |
| 4 | 22100352015501257733/<br>27.02.2023 | 149390 | 11/22, 12/22,<br>01/23 | 84000 | 48 Days | 47952 | 36048 |
| 5 | 2210035201551315976/<br>09.03.2023 | 50110 | 02/23 | 28000 | 16<br>Days | 15984 | 12016 |
| 6 | 22100352015501445939 | 50320 | 03/23 | 28000 | 16<br>Days | 15984 | 12016 |
| | | | ആകെ | 294000 | 167832 | | 126168 |

മൂന്നാർ പ്രൈമറി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സംവിധാനത്തിനായി ക്ഷണിച്ച വാഹന ക്വട്ടേഷൻ/റീ ക്വട്ടേഷൻ നോട്ടീസുകൾ, ക്വട്ടേഷൻ അംഗീകരിച്ച/നിരാകരിച്ച കമ്മിറ്റി തീരുമാനങ്ങൾ, ആദ്യ റീ ക്വട്ടേഷനിൽ കുറഞ്ഞ നിരക്കായ ₹999/- രേഖപ്പെടുത്തിയ ശ്രീ. ജഗൻ കെ.-യുടെ നിരക്ക് അംഗീകരിക്കാതെ ഇതേ വ്യക്തിക്ക് തന്നെ അടുത്ത ക്വട്ടേഷനിൽ ₹1750/day അംഗീകരിക്കാനുണ്ടായ കാരണം എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/2023/തീ. 19.06.2023) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ഹാജരാക്കാത്ത പക്ഷം വാഹന വാടക ഇനത്തിൽ അധികം നൽകിയ ₹1,26,168/-ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-21 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയിലെ അപാകത

| | |
|---|---|
| പദ്ധതി നം., പേര് | 241/2023, കറവ പശു വളർത്തൽ (എസ്.സി.പി.) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹18,90,000- (വികസന ഫണ്ട്) + 8,40,000- (ഗുണഭോക്തൃ വിഹിതം) |
| ബിൽ വിവരങ്ങൾ | 22100352009401451294, തീയതി 23/03/2023, ₹4,05,000-<br>22100352009401479368, തീയതി 25/03/2023, ₹6,75,000-<br>22100352009401509546, തീയതി 28/03/2023, ₹2,25,000- |

പഞ്ചായത്തിലെ 29 എസ്.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് കറവ പശുവിനെ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത ഈ പദ്ധതി വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന മേൽ പദ്ധതി വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ പദ്ധതി മാർഗ്ഗ രേഖ പ്രകാരം നിർദ്ദേശിക്കുന്നില്ല. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിത ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാനാവില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 10/തീ. 18.10.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് നിർദ്ദേശിച്ച പ്രകാരമാണ് പദ്ധതി ഏറ്റെടുത്തതെന്നും ഗൃഹനാഥയായിട്ടുള്ള വിധവകളായ വനിതകളാണ് പദ്ധതിയുടെ ഗുണഭോക്താക്കളെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ഉപോദ്ബലകമായ രേഖകൾ ഹാജരാക്കിയില്ല. വിധവകളായ വനിതകൾ ഗൃഹനാഥയായ കുടുംബം, ശയ്യാവലംബരായ ഭർത്താക്കൻമാരുള്ള കുടുബത്തിലെ ഗൃഹനാഥ, ഭർത്താവ് ഉപേക്ഷിച്ച് പോയ കുടുംബത്തിലെ ഗൃഹനാഥ എന്നിവർ ഗുണഭോക്താക്കളാണെങ്കിൽ മാത്രം അവർക്കുള്ള ധനസഹായം വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

നൽകാവുന്നതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാരം പദ്ധതിയിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിന് ജി.എസ്.ടി. അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | 51/2023,<br>അനുപൂരക പോഷകാഹാരം | തുക<br>₹ | 48/2023<br>അനുപൂരക പോഷകാഹാരം-എസ്.സി | തുക<br>₹ |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| അടങ്കൽ | വികസന ഫണ്ട് പൊതുവിഭാഗം<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>തനത് ഫണ്ട് | 1500000<br>1000000<br>700000 | വികസന ഫണ്ട് - എസ്. സി. പി.<br>കേന്ദ്രാവിഷ്കൃത ഫണ്ട് | 1878000<br>1000000 |
| | ആകെ | 3200000 | ആകെ | 2878000 |
| ചെലവ് | വികസന ഫണ്ട് - പൊതുവിഭാഗം<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>തനത് ഫണ്ട് | 1497038<br>678205<br>700000 | വികസന ഫണ്ട് - എസ്.സി.പി.<br>കേന്ദ്രാവിഷ്കൃത ഫണ്ട് | 1878000<br>684527 |
| | ആകെ | 2875243 | ആകെ | 2562527 |

CGST Act, 2017-ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഇടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/- (₹70.00 + ₹3.50)യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് അമല ന്യൂട്രിമിക്സ്, കാൽവരി മൗണ്ട് എന്ന സ്ഥാപനം Bill Of Supply ആണ് നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 ആണ് ഈടാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയിട്ടുള്ള ബിൽ ഓഫ് സപ്ലൈയിൽ ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കിയതു കാരണം കി. ഗ്രാമിന് ₹3.50 വീതം അധികമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പദ്ധതി നം./<br>പദ്ധതിയുടെ പേര് | ബിൽ നം./തീയതി/തുക | ബിൽ ഓഫ് സപ്ലൈ നം./ തീയതി | വാങ്ങിയ അളവ് കി.ഗ്രാം | ആകെ ഈടാക്കിയ തുക @₹73.50/ കി.ഗ്രാം | ഈടാ ക്കാവുന്ന തുക @₹70/ കി.ഗ്രാം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 48/2023<br>അനുപൂരക പോഷകാഹാരം<br>(എസ്.സി) | 22100352009300306721/<br>13/07/2022<br>₹1004003 | 515/11.04.2022 | 1560 | 114660 | 109200 | 5460 |
| | 22100352009300912432/<br>15/12/2022<br>₹805712 | 564/18.10.2022 | 1494 | 109809 | 104580 | 5229 |
| | | 554/28.09.2022 | 1848 | 135828 | 129360 | 6468 |
| | | 571/14.11.2022 | 1491 | 109588 | 104370 | 5218 |
| | ചെക്ക്നം. 381857/<br>30.03.2023<br>₹374291 | 607/09.02.2023 | 1632 | 119952 | 114240 | 5712 |
| | | 3/14.03.2023 | 1527 | 112234 | 106890 | 5344 |
| 51/2023<br>അനുപൂരക പോഷകാഹാരം | 22100352009301390901/<br>17/03/2023 | 597/24.01.2023 | 60 | 4410 | 4200 | 210 |

| | | | | | | |
|---|---|---|---|---|---|---|
| | ₹18265 | | | | | |
| | 22100352009301188538/ 14/02/2023 ₹106942 | 583/19.12.2022 | 1455 | 106942 | 101850 | 5092 |
| | 22100352009300528890/ 13/09/2022 ₹537362 | 536/22.08.2022 | 1788 | 131418 | 125160 | 6258 |
| | ചെക്ക് നം. 381857/ 30.03.2023 ₹678205 | 594/20.01.2023 | 1455 | 106942 | 101850 | 5092 |
| | | | | | ആകെ | 50083 |

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയത് മൂലം ₹50,083/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/തീ. 19.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി. ഒഴിവാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നത് വരെ ബില്ലുകൾ യഥാസമയം മാറി നൽകണം എന്ന് നിർദ്ദേശം ലഭ്യമായതിനെ തുടർന്നാണ് ജി.എസ്.ടി. ഉൾപ്പെടെ തുക മാറി നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. അനുവദിച്ചത് മൂലം അധികമായി നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ന്യൂട്രിമിക്സ് യൂണിറ്റിന് രേഖാമൂലം കത്ത് നൽകുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-23 അർഹതയില്ലാത്ത കാലയളവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു

മൂന്നാർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയർ, പഞ്ചായത്തിലെ മരണ റിപ്പോർട്ട് (2022 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ളത്) എന്നിവയുടെ പരിശോധനയിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക നിക്ഷേപിച്ചിട്ടുള്ളതായും പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആയി നിലനിർത്തിയിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷനർ ഐ.ഡി. | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|
| 1 | രാജ് പി. | 3010 | 02.12.2022 | 01/23-06/23 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 1600x6=9600 |
| 2 | റോസ്മേരി ജ്ഞാനപ്രകാശം | 0455 | 04.11.2022 | 12/22-06/23 | ,, | ആക്ടീവ് | 1600x7=11200 |
| 3 | അന്നമരിയാൾ വിജയൻ | 0110 | 24.09.2022 | 10/22-06/23 | ,, | ആക്ടീവ് | 1600x9=14400 |
| 4 | ചിന്നത്തായ് അമ്മാൾ | 2940 | 01.10.2022 | 11/22-06/23 | ,, | ആക്ടീവ് | 1600x8=12800 |
| 5 | സൂസൈയമ്മ | 2271 | 13.09.2022 | 10/22-06/23 | ,, | ആക്ടീവ് | 1600x9=14400 |
| 6 | മുനിയസ്വാമി | 2773 | 10.08.2022 | 11/22-06/23 | ,, | ആക്ടീവ് | 1600x10=16000 |
| 7 | മുനസാമി | 3588 | 19.06.2022 | 07/22-06/23 | ,, | ആക്ടീവ് | 1600x12=19200 |
| 8 | അളഗമ്മ | 2974 | 28.05.2022 | 06/22-06/23 | ,, | ആക്ടീവ് | 1600x13=20800 |

അധികം നൽകിയ തുക തിരികെ ഈടാക്കുകയോ, തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.17/തീ. 19.10.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്നവരിൽ 2022-23 വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്നവരും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുമായ ഗുണഭോക്താക്കൾക്കും പെൻഷൻ നൽകുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം ടി പേരുകാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ പെൻഷൻ തുക ബാങ്കിൽ നിന്നോ നേരിട്ടോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന./തീ. 17.08.2017ൽ നിർദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമായ റിപ്പോർട്ടുകളുടെ (2022 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ളത്) പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-24 സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കൽ ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ

1) ടെണ്ടർ വിജ്ഞാപനത്തിൽ അപാകത

എസ്റ്റിമേറ്റ് തയ്യാറാക്കാതെ ടെണ്ടർ ക്ഷണിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2022-23 വർഷം 170 സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്ഷണിച്ച ടെണ്ടറിൽ ബോർഡിന്റെ ഉയരം, വീതി, ഘനം എന്നിവ നിഷ്കർഷിക്കേണ്ടതുള്ളപ്പോൾ നീളവും വീതിയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 1 ഇഞ്ച് ഘനം മാത്രമുള്ള ഫെറോ സിമന്റ് ബോർഡുകൾ സ്ഥാപിക്കാനിടയായി. ബോർഡിന്റെ മതിപ്പ് ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കി കണക്കാക്കിയില്ല.

2) സർക്കാർ നിർദ്ദേശ പ്രകാരം ബോർഡുകൾ സ്ഥാപിച്ചില്ല

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 17.12.2022ലെ A9/NREGA/206/2023 നമ്പർ ടെണ്ടർ പരസ്യം പ്രകാരം 4 അടി നീളം 3 അടി വീതിയുള്ള 150 എണ്ണവും (ഒരെണ്ണത്തിന് ₹5,000/-), 3 അടി നീളം 2 അടി വീതിയുള്ള 20 എണ്ണവും (ഒരെണ്ണത്തിന് ₹3,000/-) ആകെ 170 എണ്ണം വിതരണം നടത്തി സ്ഥാപിക്കുന്നതിനാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ഭരണ സമിതിയുടെ 27.01.2023ലെ 8(1) നമ്പർ തീരുമാന പ്രകാരം മേൽ

പ്രസ്താവിത ബോർഡുകൾക്ക് യഥാക്രമം ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (₹1,888/-, ₹935/-) സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഫെറൊ സ്ലാബുകളിൽ നിർമ്മിക്കുന്ന സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ അടിസ്ഥാന നിരക്ക് നിശ്ചയിച്ചത് എന്തിനെ അടിസ്ഥാനമാക്കിയാണ് എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

2. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ ലഭ്യമാക്കിയ സ്ഥാപനങ്ങൾ കരാർ പ്രകാരം ബോർഡുകൾ സ്ഥാപിച്ചില്ല. കരാർ പ്രകാരം ബോർഡുകൾ സിമന്റ് കൊണ്ട് ഉറപ്പിച്ച് സ്ഥാപിക്കുന്നതിന് പകരം പലയിടങ്ങളിലും ചാരിവെയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബോർഡുകൾ സ്ഥാപിച്ചത് പരിശോധിച്ച് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/തീ. 20.10.2023) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ റൂറൽ ഡെവലപ്മെന്റ് മന്ത്രാലയം 07.04.2017ൽ പ്രസിദ്ധീകരിച്ച File No.k.11023/01.01.2017/MGNREGA(iv) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അടിസ്ഥാന നിരക്ക് നിശ്ചയിച്ചതിന് ശേഷം മാത്രം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-25 അഗതി രഹിത കേരളം പദ്ധതി നടപ്പായില്ല - പദ്ധതി തുക നിഷ്ക്രിയമായി അവശേഷിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി കുടുബശ്രീ ആവിഷ്കരിച്ച് വരുന്ന അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി മൂന്നാർ ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ 4 പേർക്ക് വീട് മെയിന്റനൻസിനായി തൻവർഷം 2 പദ്ധതികൾ ആവിഷ്കരിക്കുകയും പദ്ധതി തുകകൾ കുടുംബശ്രീ സി.ഡി.എസ്-ന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സി.ഡി.എസ്., മൂന്നാറിന്റെ പേരിലെ ബാങ്ക് അക്കൗണ്ടിൽ തുക നിഷ്ക്രിയമായി അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/തീ. 20.10.2023) മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് വിവരം

| ക്രമ നം. | പ്രോജക്ട് നം./പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക, ഫണ്ടിനം (₹) | ചെലവ് തുക (₹) | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 145/2023, ആശ്രയ പദ്ധതി - ജനറൽ സെക്രട്ടറി | 183033 വികസനഫണ്ട് - ജനറൽ | 183033 | 22100352014000962283 27/12/2022 |
| 2 | 211/2023, ആശ്രയ - എസ്. സി., അസിസ്റ്റന്റ് സെക്രട്ടറി | 300000 വികസനഫണ്ട്- എസ് സിപി | 300000 | 22100352014100962311 27/12/2022 |
| ആകെ | | | 483033 | |

ഓഡിറ്റ് നിർദ്ദേശം

1) ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് മെയിന്റനൻസ് ആവശ്യമായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നിയമാനുസൃതം ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സി.ഡി.എസ്., മൂന്നാറിന്റെ പേരിലെ ബാങ്ക് അക്കൗണ്ടിൽ Union Bank Of India (UBIN0535893) - 358902010023744) 04.10.2023 തീയതിയിൽ ₹5,51,911/- അവശേഷിക്കുന്നുണ്ട്. ആയത് 12.12.2017ലെ സ.ഉ(എം.എസ്.)നം.252/2017/തസ്വഭവ പ്രകാരമുള്ള അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ചെലവുകൾക്കായി വിനിയോഗിക്കേണ്ടതാണ്.

3) അഗതിരഹത കേരളം പദ്ധതിയുടെ ഭാഗമായുള്ള ചെലവുകളുടെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ₹483033 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി

വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച ഫയലുകൾ, വെബ് സാംഖ്യയിൽ ലഭ്യമായ ബിൽ വിവരങ്ങൾ, ഗുണഭോക്താക്കളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് സർക്കാർ

നിശ്ചയിച്ച പരിധിയിലധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ വിവരം

| ക്രമ നം. | പേര്, മേൽവിലാസം | ബെനിഫിഷറി ഐ.ഡി. | റേഷൻ കാർഡ് നം. | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | Kalaiselvi R., Lakkad Estate Kannan Devan Hills | 779915 | 1629019186 | State Bank Of India (SBIN0070129) 67215079356 |
| 2 | Vijayalakshmi, Rajeev Gandhi Colony | 731506 | 1629057226 | State Bank Of India (SBIN0070135) 67052598909 |

തുക കൈമാറിയതിന്റെ വിശദാംശങ്ങൾ

| Name | Account No. | Bill Id/Date | Amount |
|---|---|---|---|
| Kalaiselvi R., Lakkad Estate Kannan Devan Hills Benefisciary ID-779915 | State Bank Of India (SBIN0070129) 67215079356 | 20100352015600525158 16.09.2020 | 160000 |
| | | 20100352015600333747 09.07.2020 | 40000 |
| | | 20100352015600683881 03.11.2020 | 160000 |
| | | 20100352015600965082 19.01.2021 | 20000 |
| | | 22100352015601536768 28.03.2023 | 40000 |
| Total | | | 420000 |
| Vijayalakshmi , Rajeev Gandhi Colony Benefisciary ID-731506 | State Bank Of India MUNNAR (IFSC:SBIN0070135) 67052598909 | 18100352015601462445 22.03.2019 | 40000 |
| | | 19100352015600 792408 08.11.2019 | 160000 |
| | | 1910035201560 1132322 23.01.2020 | 100000 |
| | | 20100352015600 525158 16.09.2020 | 60000 |
| | | 2110035201560 1025941 28.01.2022 | 20000 |
| | | 2210035201560 1438009 22.03.2023 | 40000 |
| Total | | | 420000 |

എസ്.സി. വിഭാഗം ഗുണഭോക്താവിന് സർക്കാർ നിശ്ചയിച്ച പരിധി 4 ലക്ഷം രൂപയാണെന്നിരിക്കെ രണ്ട് ഗുണഭോക്താക്കൾക്കും

₹4,20,000/- വീതം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ₹20,000/- വീതം അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/തീ. 19.10.2023) അധിക തുക തിരികെ ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികമായി നൽകിയത് വഴിയുണ്ടായ ആകെ ചെലവ് നഷ്ടം ₹40,000/- തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈയിനത്തിലുള്ള അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 അനധികൃതവും ആറ് വർഷം മാത്രം കാലപ്പഴക്കവുമുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകി

അനധികൃതമായി നിർമ്മിച്ചിട്ടുള്ളതും 8 വർഷം കാലപ്പഴക്കമില്ലാത്തതുമായ കെട്ടിടത്തിന്റെ ഭവന പുനരുദ്ധാരണത്തിനായി തുക ചെലവഴിച്ചിരിക്കുന്നു.

പ്രോജക്ട് വിശദാംശങ്ങൾ

ശ്രീ. കൃഷ്ണമൂർത്തി (ഇക്കാനഗർ, മൂന്നാർ, മൂന്നാർ പി.ഒ.-685612) എന്ന ഗുണഭോക്താവിന്റെ 10/1412 നമ്പർ ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി 2021-22 വർഷത്തിൽ 22/2021-22, House Maintenance പ്രോജക്ടിന്റെ ഭാഗമായി ₹50,000/- നൽകുകയും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനെ തുടർന്ന് 2022-23 (പ്രോജക്ട് 123/2022-23, House Maintenance- Spil Over) 2023-24 വർഷങ്ങളിൽ (പ്രോജക്ട് 80/2023-24, House Construction Under Life Mission General) പദ്ധതി സ്പിൽ ഓവറായി ഏറ്റെടുക്കുകയും 2023-24ലെ പദ്ധതിയുടെ ഭാഗമായി ടി ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് ₹50,000/- കൂടി ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കൈമാറിയതിന്റെ വിവരം

| Account/Bill No | Date | Amount |
|---|---|---|
| Federal Bank MUNNAR (IFSC:FDRL0001010) - 10100100241666 | 21100352015601474938<br>26.03.2022 | 50000 |
| Federal Bank MUNNAR (IFSC:FDRL0001010) - 10100100241666 | 23100352015600431503<br>11.08.2023 | 50000 |
| | Total | 100000 |

അപാകതകൾ

1. ഗുണഭോക്താവിന്റെ അപേക്ഷ അടങ്ങിയ ഫയൽ, ഭരണ സമിതി തീരുമാനം (16.02.2022ലെ നം. 1/5), അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച യു.എ. രജിസ്റ്റർ, വസ്തു നികുതി നിർണ്ണയം, കെട്ടിടത്തിന്റെ സഞ്ചയ ഫോറം 6 എന്നിവ പരിശോധിച്ചതിൽ ശ്രീ. കൃഷ്ണമൂർത്തിയുടെ കെട്ടിടം അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ ക്രമ നം. 341 ആയി 28.04.2015-യിൽ യു.എ. നമ്പർ നൽകി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായും, നികുതി നിലവിൽ വന്ന 2019 ആദ്യ അർദ്ധവർഷം മുതൽ നിയമാനുസൃത നികുതി ഈടാക്കുന്നതായും കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 ഡബ്ല്യൂ. പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ, നടത്തിക്കൊണ്ടിരിക്കുന്നതോ, പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ച് കളയുന്നതിനോ, മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കെ, ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല, ഭവന പുനരുദ്ധാരണത്തിനായി ₹1,00,000/- തുക പദ്ധതി വിഹിതത്തിൽ ചെലവഴിച്ചിരിക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

2. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ [സ.ഉ(കൈ)നം.115/2022/തസ്വഭവ., തീ. 28.05.2022]യിൽ ഖണ്ഡിക 6.7 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമെ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 16.02.2022-ലെ ഭരണ സമിതി തീരുമാനം പ്രകാരം ടി വ്യക്തി ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തി ആനുകൂല്യം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.-യെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. 28.04.2015-യിൽ യു.എ. നമ്പർ നല്കിയ കെട്ടിടത്തിന് ആദ്യ ഗഡു നൽകിയ 26.03.2022 തീയതിയിൽ 6 വർഷവും 10 മാസവുമാണ് കാലപ്പഴക്കം എന്നിരിക്കേ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമെ ധനസഹായത്തിന്

അർഹതയുള്ള എന്ന മാനദണ്ഡം പാലിച്ചില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.15/തീ. 19.10.2023).

അനധികൃതമായി നിർമ്മിച്ചിട്ടുള്ളതും 8 വർഷം കാലപ്പഴക്കം ഇല്ലാത്തതുമായ കെട്ടിടത്തിന്റെ ഭവന പുനരുദ്ധാരണത്തിനായി തുക ചെലവഴിച്ചത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും സബ്സിഡി മാർഗ്ഗരേഖയുടെയും ലംഘനമാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധന ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. ആയതിനാൽ അനർഹമായി നൽകിയ ₹1,00,000/- തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ, വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം

| ക്രമ നം. | പദ്ധതി നം. | പേര് | അടങ്കൽ ₹ | ചെലവ് | | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| | | | | ബിൽ/വൗച്ചർ നം./ തീയതി | തുക ₹ | |
| 1 | 281/23 | പ്രീ ബ്രേക്കർ സ്ഥാപിക്കൽ | 250000 | XVFC/2022-23 /P/18/31.03.23 | 246998 | ഫീസിബിലിറ്റി റിപ്പോർട്ട്, ഇൻസ്റ്റലേഷൻ റിപ്പോർട്ട് മുതലായവ |
| 2 | 224/23 | തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ | 500000 | 26.09.2022 | 379492 | എസ്റ്റിമേറ്റ്, സ്റ്റോക്ക് മുതലായവ |
| 3 | 225/23 | മാലിന്യ ശേഖരണത്തിന് പ്ലാസ്റ്റിക് ബക്കറ്റ് വാങ്ങൽ | 201000 | 07.02.23 ₹88400<br>28.03.23 ₹110500 | 198900 | ഇൻവോയ്സ്, സ്റ്റോക്ക് മുതലായവ |
| 4 | 127/23 | ഐ കെ എം വിഹിതം നല്കൽ | 200000 | 22100352014000488443/ 31.08.22 | 200000 | വിനിയോഗ സാക്ഷ്യപത്രം |
| 5 | 126/23 | എസ് എസ് കെ വിഹിതം(എസ്. സി. പി.) ഒടുക്കൽ | 1000000 | 22100352014000911191/ 15.12.22 | 420988 | വിനിയോഗ സാക്ഷ്യപത്രം |
| 6 | 147/23 | മൃഗാശുപത്രിയ്ക്ക് കുഴൽക്കിണർ | 100000 | 22100352014001541502/ 28.03.23 | 100000 | നിക്ഷേപ പ്രവൃത്തിയായി ആവിഷ്കരിച്ച പദ്ധതി നേരിട്ട് നിർവഹണം നടത്തിയിരിക്കുന്നു |
| 7 | 125/23 | എസ്. എസ്. കെ. വിഹിതം(ജനറൽ) ഒടുക്കൽ | 1000000 | 22100352014000493418/ 01.09.22 | 1000000 | വിനിയോഗ സാക്ഷ്യപത്രം |
| 8 | 148/23 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 2100000 | 22100352014000910147/ 15.12.22 | 499442 | തെരുവ് വിളക്ക് രജിസ്റ്റർ, മുൻകാലങ്ങളിൽ സ്ഥാപിച്ചതുൾപ്പെടെ ആകെ പ്രവർത്തിക്കുന്ന വിളക്കുകളുടെ കണക്കുകൾ മുതലായവ |
| | | | | 22100352014001097840/ 27.01.23 | 769450 | |
| | | | | 22100352014001132020/ 03.02.23 | 699500 | |
| | | | | 22100352014001218257/ 21.02.23 | 131506 | |
| | | | | ആകെ | 4646276 | |

രേഖകളുടെ അഭാവത്തിൽ ₹4646276/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ.(ആർ.ടി)നം.1496/2020 /തസ്വഭവ./തീ. 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ.(ആർ.ടി)880/2021/തസ്വഭവ./തീ. 16.04.2021, സ.ഉ.(ആർ.ടി)949/2021/തസ്വഭവ./തീ. 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിരിക്കുന്നു. സേനയെ ക്രിയാത്മക ശക്തിയായി വളർത്തുന്നതിന് നിലവിൽ പഞ്ചായത്ത്

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്ത്രീകളുടെ പകൽ വീടിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന പഴയ കെട്ടിടം നിലവിൽ എം.സി.എഫ്. ആയി പ്രവർത്തിക്കുന്നു. എന്നാൽ ആയതിന് സ്ഥല പരിമിതി നേരിടുന്നതിനാൽ സമീപസ്ഥലങ്ങളിലായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. പകൽ വീടിനോട് ചേർന്ന് മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് ഒട്ടും സുരക്ഷിതമായ രീതിയിലല്ല. സാംക്രമിക രോഗങ്ങൾ പകർന്ന് പിടിക്കാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേനയാണ് നീക്കം ചെയ്യുന്നത്. എന്നാൽ ഇത് ഒട്ടും ഫലപ്രദമല്ല എന്ന് നേരിട്ട് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. സ.ഉ.(സാധാ)നം.2420/2017/തീ. 15/07/2017 പ്രകാരം സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താനും അവരുടെ തൊഴിൽ സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനും അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നടപടികൾ എടുക്കേണ്ടതിനെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഹരിത കർമ്മസേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഹരിത കർമ്മസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

ആകെ 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ കയറി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെ എം.സി.എഫ്.-ൽ സൂക്ഷിച്ചിരിക്കുന്നു. ക്ലീൻ കേരള മിഷനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിലും നീക്കം ചെയ്യൽ ആരംഭിച്ചിട്ടില്ല. വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളുടെ യൂസർ ഫീ മുഴുവനായും ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് സേനാംഗങ്ങൾക്കുള്ള ശമ്പളം ഇതിൽ നിന്ന് നൽകുന്നു. യൂസർ ഫീ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ല എന്നാണ് ഹരിതകർമ്മ സേനയുടെ ലീഡർ അറിയിച്ചത്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി സഹകരിക്കാത്തവർക്ക് എതിരെ തദ്ദേശ ഭരണ സ്ഥാപനം കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിത കർമ്മസേനയുടെ ക്രിയാത്മക പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഹരിത കർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ, ഹരിത കർമ്മസേന കൺസോർഷ്യം എന്നീ ഘടകങ്ങളായി തരം തിരിക്കാൻ 23.04.2018ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10394-D-2017/KSHO നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. സേനക്ക് വരുമാനം ലഭിക്കുന്നത് പ്രധാനമായും താഴെ പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നാണ്.

- ഹരിത കർമ്മസേന അജൈവ മാലിന്യങ്ങൾ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന യൂസർ ഫീ.
- ശേഖരിച്ച അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി കരാറിലേർപ്പെടുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനം.
- മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്ന ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വില്പന, സർവീസ് നൽകൽ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വരുമാനം.
- ഹരിത കർമ്മസേന കാർഷിക സേനയായി പ്രവർത്തിക്കുക വഴി വിത്തുകൾ, തൈകൾ, ഗ്രോ ബാഗുകൾ, ചാണകം, ജൈവവളം എന്നിവയുടെ വില്പനക്ക് പുറമെ മട്ടുപ്പാവ് കൃഷി / ജൈവ കൃഷിക്കുള്ള സേവനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന വരുമാനം.

അജൈവ മാലിന്യ ശേഖരണം മുതൽ തരം തിരിച്ച് വിപണനം നടത്തുന്നത് വരെയുള്ള പ്രവർത്തന തലങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ഹരിതസേന കൺസോർഷ്യം രൂപീകരിക്കേണ്ടതുമാണ്. എന്നാൽ ഇതിന് പകരമായി ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ എന്ന പേരിൽ ഗ്രീൻ വേംസ് എന്ന സ്ഥാപനം നിയമിച്ച ഒരു പ്രതിനിധിയാണ് സേനയുടെ അക്കൗണ്ടുകൾ സൂക്ഷിച്ചുപോരുന്നത്.

ഹരിത കർമ്മസേനയെ ഒരു സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അവരുടെ സാമ്പത്തിക വികസനം സാധ്യമാക്കേണ്ടതും മാലിന്യ ശേഖരണത്തിലൂടെ അവർ സ്വരൂപിക്കുന്ന യൂസർ ഫീ മറ്റൊരു സ്ഥാപനത്തെ ഏല്പിക്കുന്നതിന് പകരം അവരുടെ

സ്വന്തം അക്കൗണ്ടിൽ എത്തിക്കുന്നതിന് മുൻളുക്കം നൽകേണ്ടതുമാണ്.

1-30 ലെഗസി വേസ്റ്റ് മാനേജ്മെന്റ് - രേഖകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 229/23 |
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം) - ₹270/- |
| ധനകാര്യ കമ്മീഷൻ അവാർഡ് | ₹2063622/- |
| ആകെ | ₹2063892/- |

| ഇനം | ചെലവ് തുക ₹ | |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 992012 | 22100352014001574997/31.03.2023 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 408000 | 22100352014001574962/31.03.2023 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 143286 | 22100352014001577357/31.03.2023 |
| ആകെ | 1543298 | |

മൂന്നാർ പഞ്ചായത്തിന്റെ കല്ലാറിലുള്ള വേസ്റ്റ് ഡമ്പിങ് യാർഡിൽ അനേക വർഷങ്ങൾ കൊണ്ട് കുമിഞ്ഞുകൂടിയ അജൈവ മാലിന്യങ്ങൾ (ലെഗസി വേസ്റ്റ്) നീക്കം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. 2020-21ൽ ഒരു കോടി രൂപ അടങ്കലിൽ ടെണ്ടർ ചെയ്ത ഈ പ്രവൃത്തി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലുവ എന്ന സ്ഥാപനം ₹94,29,330/-ക്ക് ഏറ്റെടുക്കുകയും 20.10.2020ന് ഗ്രാമപഞ്ചായത്തുമായി കരാർ ഒപ്പ് വെയ്ക്കുകയും ചെയ്തു.സ്ഥാപനം 2020-21 വർഷം തുകയൊന്നും കൈപ്പറ്റിയിരുന്നില്ല. 2021-22ൽ പ്രൊജക്ട് നം. 147/22 പ്രകാരം ₹79,36,108/-ഉം 2022-23ൽ ₹15,43,298/-യും ഈ പദ്ധതിയിൽ ചെലവ് ചെയ്തിട്ടുണ്ട്. ആകെ ₹94,79,406/- ചെലവ് ചെയ്തിട്ടുള്ളതിൽ ₹93,36,120/-ഉം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ പേരിലാണ് ചെലവെഴുതിയിട്ടുള്ളത്. വിവിധ തീയതികളിലേതായി ആകെ ₹1,18,85,335/-ന്റെ ക്രെഡിറ്റ് ബില്ലുകൾ സ്ഥാപനം പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ടി ബില്ലുകളുടെ ആധികാരികത സാക്ഷ്യപ്പെടുത്താതെയാണ് തുക നല്കിയിട്ടുള്ളത്. റിടെൻഷൻ ഇനത്തിൽ പഞ്ചായത്ത് തടഞ്ഞ് വെച്ചിട്ടുള്ള ₹9,86,650/-ൽ ₹2,50,000/- മടക്കി നല്കിയിട്ടുമുണ്ട്. റിടെൻഷൻ തുക വിട്ടുതൽ ചെയ്യുന്നതിന് മുൻപായി ഫൈനൽ സെറ്റിൽമെന്റ് ബിൽ സ്ഥാപനത്തിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/തീ. 20.10.2021) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഫൈനൽ സെറ്റിൽമെന്റ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-31 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പ്രാരംഭദശയിൽ തന്നെ ഉപേക്ഷിച്ചിരിക്കുന്നു - ചെലവ് തടസ്സം

| | | | |
|---|---|---|---|
| പ്രോജക്ട് നം. | | 55/2023 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി | |
| സാങ്കേതിക അനുമതി | | നം.162/G/2022/SM തീ. 26.10.2022<br>എക്സി. ഡയറക്ടർ, ശുചിത്വ മിഷൻ | |
| ദർഘാസ് നം. | | 01/23തീയതി-01.02.23 | |
| പത്ര പരസ്യം | | 04.02.23 | |
| ടെണ്ടർ തുറന്ന് പരിശോധിക്കുന്ന തീയതി | | 17.02.2023 | |
| ടെണ്ടർ അംഗീകരിച്ച കമ്മറ്റി തീരുമാനം | | നം. 4(1)/തീയതി.03.03.2023 | |
| ടെണ്ടർ അംഗീകരിച്ചതായ അറിയിപ്പ് | | നം. A1-200/22/Dt. 03.03.2023 | |
| കരാർ തീയതി | | 10.03.23 | |
| അടങ്കൽ | | ചെലവ് | ബിൽ/വൗച്ചർ നം, തീയതി |
| ഇനം | തുക ₹ | തുക ₹ | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5156500 | 5156500 | XVFC/2022-23/P/21/Dt.31.03.23 – ₹4926500<br>XVFC/2022-23/P/20/Dt.31.03.23 – ₹230000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 22765000 | - | |
| തനത് ഫണ്ട് | 2843500 | - | |

| | | | |
|---|---|---|---|
| ആകെ | 30765000 | | |

മൂന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടാകുന്ന കക്കൂസ് മാല്യന്യമടക്കമുള്ള ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി ₹50,000/- ലിറ്റർ ശേഷിയുള്ള ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായാണ് മേൽ പദ്ധതി ആവിഷ്കരിച്ചത്.

ഇ-ടെണ്ടർ മുഖേന മെസേഴ്സ്. ഗ്രീൻ മെതേഡ് എഞ്ചിനീയറിങ് പ്രൈ. ലിമിറ്റഡ്, എച്ച്. എം. റ്റി. ജംഗ്ഷൻ, കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ ₹3,07,59,252/-ന്റെ ടെണ്ടർ അംഗീകരിക്കുകയും 10.03.2023ന് ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 31.05.2023-നുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. കല്ലാർ എന്ന സ്ഥലത്ത് പഞ്ചായത്തിന് കണ്ണൻ ദേവൻ കമ്പനി വിട്ടുനൽകിയതും നിലവിൽ എം. സി. എഫ്., ജൈവ വളം നിർമാണ യൂണിറ്റ് ഇവ പ്രവർത്തിക്കുന്ന 50 സെന്റോളം വരുന്ന കോമ്പൗണ്ടിന്റെ മൂലയിൽ ഏതാണ്ട് 3 സെന്റിൽ താഴെ മാത്രം വരുന്ന സ്ഥലത്താണ് ഭാഗികമായ നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളത്. കണ്ണൻ ദേവൻ കമ്പനി ഹൈക്കോടതിൽ കേസ് നൽകിയതിനെ തുടർന്ന് നിലവിൽ പദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. കൊതുകുകൾ വളരുന്ന അഴുക്ക് ജലം നിറഞ്ഞതും വൃത്താകാരത്തിലുള്ളതുമായ രണ്ട് വലിയ കുഴികളാണ് നേരിട്ടുള്ള സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞത്.

എന്നാൽ കരാർ സ്ഥാപനത്തിന്റെ 31.03.2023ലെ കത്ത്, ഇൻവോയ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ഇൻവോയ്സ് പ്രകാരമുള്ള ₹51,56,500/- നല്കിയിരിക്കുന്നു. സ്ഥാപനം നിർവഹിച്ചതായി അവകാശപ്പെട്ട പ്രവൃത്തി ഇനങ്ങളുടെ അളവ് പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്ലാന്റ് നിർമ്മാണത്തിന്റെ അടിസ്ഥാനഘട്ടം പോലും പൂർത്തിയാകുന്നതിന് മുൻപ് അവർ യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്തതായി അവകാശപ്പെട്ട് നല്കിയ ഇൻവോയ്സിന്റെ കൂടി അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. ഒരു ഭൂഗർഭ ടാങ്ക് പണിയുന്നതിനായുള്ള മൺപണി, ടാങ്കിന്റെ അടിത്തട്ടിന്റെയും വശങ്ങളുടെയും ഭാഗികമായുമുള്ള കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളും ഏതാനും യന്ത്ര സാമഗ്രികൾ, നിർമ്മാണത്തിനാവശ്യമായ കുറേ കമ്പികൾ എന്നിവയും നേരിട്ടുള്ള സ്ഥല പരിശോധനയിൽ നിർമ്മാണ സ്ഥലത്ത് കാണാൻ കഴിഞ്ഞു. സ്ഥാപനം നൽകിയ ഇൻവോയ്സ് പ്രകാരം Composite Supply Of Works Contract Part Bill For 50 KLD FSTP AT KALLAR എന്ന് രേഖപ്പെടുത്തി ₹54,31,040/- ആവശ്യപ്പെടുകയാണ് ചെയ്തത്.

പദ്ധതി ആസൂത്രണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ പഞ്ചായത്ത് ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് കണ്ണൻ ദേവൻ കമ്പനി എതിർപ്പ് അറിയിച്ചിട്ടുള്ളപ്പോൾ അത് അവഗണിച്ച് മതിയായ ഫണ്ട് ലഭ്യത ഉറപ്പ് വരുത്താതെ തന്നെ പദ്ധതി ടെണ്ടർ ചെയ്ത് കരാർ വെയ്ക്കുകയും കരാറിൽ വ്യവസ്ഥയില്ലാതിരുന്നിട്ട് കൂടി താൻ ചെയ്തതായി കരാറുകാരൻ അവകാശപ്പെട്ട പ്രവൃത്തി ഇനങ്ങൾ മൂല്യ നിർണ്ണയം നടത്താതെ പാർട്ട് ബിൽ അനുവദിക്കുകയും ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, ടി ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം പൂർത്തിയായതിന് ശേഷം അതിന്റെ നിശ്ചിത ശേഷിയായ 50000 ലിറ്റർ ശുചിമുറി മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതിനുള്ള ചെലവ് പദ്ധതിയിൽ എസ്റ്റിമേറ്റ് ചെയ്തിട്ടില്ല എന്ന ന്യൂനതയും അൾട്രാ-ടെക് എന്ന കമ്പനി തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടിൽ കാണുന്നു. പ്ലാന്റ് ഓപ്പറേറ്റ് ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവും വൈദ്യുതി ചാർജും മാത്രമാണ് നടത്തിപ്പ് ചെലവായി കണക്ക് കൂട്ടിയിട്ടുള്ളത്. കൂടാതെ പ്ലാന്റിലേയ്ക്ക് മാലിന്യമെത്തിക്കുന്ന ടാങ്കർ ഒന്നിന് ₹1,000/- വീതം യൂസർ ഫീ ഇനത്തിൽ വരുമാനം ലഭിക്കുമെന്നും ഇപ്രകാരം 5000 ലിറ്ററിന്റെ 10 ട്രക്കുകളിൽ നിന്നായി പ്രതിദിന വരുമാനം ₹10,000/- ഉണ്ടാകുമെന്നും പ്രോജക്ട് റിപ്പോർട്ട് വിഭാവനം ചെയ്തിരിക്കുന്നു.

കണ്ണൻ ദേവൻ കമ്പനി അവരുടെ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച് അവരുടെ തൊഴിലാളി ലയങ്ങളിൽ നിന്നൊന്നും കക്കൂസ് മാലിന്യം പൊതു ജലസ്രോതസ്സുകളിൽ കലരുന്നില്ല എന്ന വസ്തുതയും ടി പ്രോജക്ട് റിപ്പോർട്ടിൽ പരിഗണിച്ചിട്ടില്ല.പഞ്ചായത്തിന്റെ പൊതു കംഫർട്ട് സ്റ്റേഷനിൽ നിന്നും ഓഡിറ്റ് കാലയളവിൽ ഒരിക്കൽ പോലും മാലിന്യം പമ്പ് ചെയ്ത് നീക്കിയതായും കാണുന്നില്ല.

ഓരോ സ്ഥാപനത്തിനും വീടിനും പ്രത്യേകമായല്ലാതെ പൊതുവായ സെപ്റ്റേജ് മാലിന്യ ശേഖരണ സംവിധാനം പഞ്ചായത്തിൽ ഒരിടത്തും നിലവിലില്ല. പഞ്ചായത്തിലെ ജനവാസ മേഖലകളെല്ലാം തന്നെ ഇടുങ്ങിയ വഴി സൗകര്യം മാത്രമുള്ള കോളനികളായിരിക്കെ അത്തരം വീടുകളിലെ മാലിന്യം ടാങ്കർ ലോറിയിൽ ശേഖരിക്കണമെങ്കിൽ ഒരു സ്വീവേജ് ശൃംഖല കൂടി നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രതിദിനം ഒരു ടാങ്കറിലെങ്കിലും മാലിന്യം നീക്കം ചെയ്യുന്ന സാഹചര്യം നിലവിലില്ലാത്തപ്പോൾ അപ്രകാരമൊരു സംവിധാനം കൂടി രൂപകല്പന ചെയ്യുന്നതിന് പകരം അത് സംബന്ധിച്ച് യാതൊരു പരാമർശവുമില്ലാതെ പ്രതിദിനം 10 ടാങ്കർ ലോറി മാലിന്യം ₹1,000/- ഫീസ് സഹിതം പ്ലാന്റിൽ ലഭിക്കും എന്ന സങ്കൽപ്പത്തിൽ തയ്യാറാക്കപ്പെട്ട ടി പ്രോജക്ട് റിപ്പോർട്ട് യാതൊരു ഭേദഗതിയും കൂടാതെ കമ്മിറ്റി

അംഗീകരിക്കാനിടയായ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള ഗ്രീൻ മെതേഡ് എഞ്ചിനീയറിങ് പ്രൈ. ലിമിറ്റഡ്, എച്ച്. എം. റ്റി. ജംഗ്ഷൻ, കളമശ്ശേരി എന്ന സ്ഥാപനത്തിന് ഇപ്രകാരമുള്ള ബൃഹത്തായ പ്ലാന്റുകൾ നിർമ്മിച്ചതിന്റെ മുൻപരിചയമോ അപ്രകാരം ഏതെങ്കിലും പ്ലാന്റുകൾ അവർ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനമോ പഞ്ചായത്ത് വിലയിരുത്തിയിട്ടില്ല. ഇപ്രകാരമുള്ള പ്ലാന്റുകൾ കേരളത്തിൽ നിലവിലില്ലെങ്കിലും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ പല മുനിസിപ്പാലിറ്റികളിലും പ്രവർത്തിക്കുന്നുണ്ട് എന്ന വസ്തുത പരിഗണിച്ച് അപ്രകാരമുള്ള ഏതെങ്കിലും പ്ലാന്റ് സന്ദർശിച്ച് മൂന്നാറിന് അനുയോജ്യമായ മാതൃക രൂപപ്പെടുത്തുന്നതിനുള്ള സാധ്യതയും പഞ്ചായത്ത് തേടിയിട്ടില്ല.

കണ്ണൻ ദേവൻ കമ്പനി ബഹു. കേരള ഹൈക്കോടതിയിൽ WP(C)No. 11786/2023 നമ്പരായി ഫയൽ ചെയ്തിരുന്ന കേസിൽ 31.10.2023-നുണ്ടായ വിധിയിൽ നിയമാനുസരണം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകി കൊണ്ട് തീർപ്പായിട്ടുള്ളതും ഇതിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് 22.11.2023ന് ലഭിച്ച് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി ഏറ്റെടുത്ത് പഞ്ചായത്തിന് കൈമാറുവാൻ അപേക്ഷിച്ചുകൊണ്ട് 30.11.2023ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.ടി അപേക്ഷയിൽ തുടർ നടപടി ത്വരിതപ്പെടുത്തി സ്ഥലം പഞ്ചായത്തിന് ലഭിക്കുവാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

പദ്ധതിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/തീ. 20.102023ന് മറുപടി ഹാജരാക്കുകയുണ്ടായില്ല. ഈ ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകളിന്മേൽ കൂടുതൽ പരിശോധന നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി എല്ലാ അർത്ഥത്തിലും പ്രവർത്തനസജ്ജമാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്. അല്ലാത്ത പക്ഷം അതായത് പ്രൊജക്ട് ഉപേക്ഷിക്കപ്പെടുകയാണെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ബാധ്യതയായി നിർണ്ണയിച്ച് ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | സുവർണ്ണഭവനം (264/23) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 197200 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (140/2023) | 197200 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല --

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

### 4-4 വായ്പ/വായ്പ തിരിച്ചടവ്

-- ഇല്ല --

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1899170 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹1899170 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹1399170 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 13-09-2022 | 2 വർഷം | 500000 | |

യഥാർത്ഥ സ്ഥിര നിക്ഷേപ ബാക്കി ₹5,00,000/- ആയിരിക്കുമ്പോഴും വാർഷിക കണക്ക് ശീർഷകങ്ങൾ 420700101, 420800101 ഇവ പ്രകാരം ആകെ ₹1324824/- ബാക്കിയുള്ളതായാണ് കാണുന്നത്. സ്ഥിര നിക്ഷേപങ്ങൾ പിൻവലിക്കുമ്പോൾ അതിനനുസൃതമായ ജേണൽ എൻട്രികൾ യഥാസമയം കൊടുക്കാത്തതാണ് ഈ അപാകതയ്ക്ക് കാരണം. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

- - ഇല്ല --

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 4 | 1999-2000 | | പണപ്പിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-98 | 39 | 1999-2000 | | ഇടമലക്കുടി ആദിവാസി കോളനി മരാമത്ത് വേല നടത്തിയതിന് രേഖയില്ല | -ടി- |
| 1997-98 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-98 | 46 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 2001-02 | 2-5 | 2005-2006 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല - നഷ്ടം | -ടി- |
| പ്രവർത്തന അവലോകനം | പേജ് നം.161 | 2013-2014 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ സംരംഭങ്ങളും | തൽസ്ഥിതി തുടരുന്നു |
| 2002-03 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തൽസ്ഥിതി തുടരുന്നു |
| 2011-12 | 3-5 | 2014-15 | 6-9 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് 22.9 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ | -ടി- |
| | | 2014-15 | 4-1-4 | വിഷയാധിഷ്ഠിത അവലോകനം- നിഷ്ക്രിയ ആസ്തികൾ | -ടി- |
| 2012-13 | 3-3 | പേജ് നം. 132, 136 | | പ്രവർത്തനാവലോകനം- ആരോഗ്യമേഖല | -ടി- |
| | | 2015-16 | 3-6-1 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | -ടി- |
| | | 2015-16 | 5-1-1 5-1-5 (പേജ് നം. 49-53 & 184-185) | കെട്ടിട നിർമ്മാണ പെർമിറ്റ്- പോരായ്മകൾ | -ടി- |

| | | | | | |
|---|---|---|---|---|---|
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ സോൺവേസ്റ്റ് മാനേജ്മെന്റ്-ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം-4 (പേജ്-180) | വസ്തുനികുതി-അപാകതകൾ | -ടി- |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി | -ടി- |
| 2016-17 | - | 2017-18 | അനുബന്ധം-7 (പേജ് 505) | ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ – പി.ഡബ്ല്യു.ഡി-യിൽ തുക നിക്ഷേപിച്ചത് - പണി പൂർത്തീകരിച്ചില്ല | -ടി- |

4-8 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

– ഇല്ല -

(ബി) സർച്ചാർജ് നടപടികളുടെ വിവരം

– ഇല്ല -

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹23418891 |
| വരവ് | ₹70518970 |
| ആകെ | ₹93937861 |
| ചെലവ് | ₹65612623 |
| നീക്കിയിരിപ്പ് | ₹28325238 |
| കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ മേൽ ചേർത്തിരിക്കുന്നത് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹51,69,309- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-26 | 40000 | | ശ്രീ. പ്രശോഭ് കെ. പി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 483033 | 183033 | ശ്രീ. കെ. എൻ. സഹജൻ, സെക്രട്ടറി |
| | | 300000 | ശ്രീ. രാജൻ എം. ആർ., അസി. സെക്രട്ടറി |
| 1-28 | 4646276 | | ശ്രീ. കെ. എൻ. സഹജൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രശോഭ് കെ. പി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മൂന്നാർ ഗ്രാമപഞ്ചായത്ത് | കഴഞ്ഞിത്തറ വീട് വലിയപള്ളാത്തുരുത്ത് എറണാകുളം |
| ശ്രീ. കെ. എൻ. സഹജൻ സെക്രട്ടറി | സെക്രട്ടറി മൂന്നാർ ഗ്രാമപഞ്ചായത്ത് | കടായത്ത് വീട്, അടിമാലി പി. ഒ., അടിമാലി |
| ശ്രീ. രാജൻ എം. ആർ., അസി. സെക്രട്ടറി | അസി. സെക്രട്ടറി വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | മേമന ഹൌസ് കുറുമ്പാലമറ്റം കരിമണ്ണൂർ – 685581 തൊടുപുഴ, ഇടുക്കി |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്) /2022 തീ. 26.09.2022 | 5 | 29, 37, 38, 39, 49 |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 13 | 20(1,2,3), 38, 40, 41, 42, 46, 50, 51, 52, 53, 54, 58(ബി, സി, ഡി), 59 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 11 | 22(ബി, സി), 23(ബി, സി), 24, 26, 33, 35, 36, 37, 38, 39, 40 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 2-5, 3-5, 3-8 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 10 | 2-2, 2-3 (എ,ബി,സി), 2-4, 2-8, 3-5, 3-8, 3-9, 3-10, 3-12, 3-14 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 1 | 3-15 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 2 | 3-2, 3-11 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 4 | 3-10, 3-11, 3-12, 3-17 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-10, 3-12, 3-13 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-4, 3-5, 3-6 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 7 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2011-12 | എൽ.എഫ്.ഐ.-14/215/15/ തീ. 01.04.15 | 20 | 2-1 മുതൽ 2-5 വരെ, 3-1, 3-2, 3-4, 3-5, 3-6, 3-8 മുതൽ 3-17 വരെ |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-14/<br>60/16/തീ. 07.01.16 | 16 | 2-1, 2-2, 2-3,<br>3-1 മുതൽ 3-13 വരെ |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-14/<br>405/16/തീ. 16.04.16 | 15 | 2-1,2-2, 2-3, 2-4,<br>3-1 മുതൽ 3-11 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ. 14/<br>246/17/തീ. 15.03.17 | 19 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-12 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ. 14/<br>13/ 18/തീ. 03.08.18 | 12 | 2-1, 2-2, 2-3,<br>3-1 മുതൽ 3-9 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.14/<br>1310/17/തീ. 22.01.18 | 14 | 2-1, 2-2, 2-3, 2-4, 3-2,<br>3-3, 3-4(2), 3-5, 3-6, 3-7,<br>3-9, 3-10, 3-11, 3-12 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.14/<br>936/തീ. 08.10.18 | 21 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-15 വരെ |
| 2018-19 | KSA IDK14/1187/2019/<br>9.3.2020/തീ. 28.5.2020 | 28 | 1-12 മുതൽ 1-23 വരെ<br>1-25 മുതൽ 1-31 വരെ<br>1-33, 1-35, 1-36, 1-37, 1-38,<br>3-1, 4-8, 4-9, 4-11 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ-13/<br>1188/21/തീ. 15/06/2022 | 9 | 1-8 മുതൽ 1-14 വരെ,<br>3-1, 4-11 |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ-13/<br>1189/21/തീ. 15/06/2022 | 10 | 1-8 മുതൽ 1-15 വരെ,<br>1-17, 4-11 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.5-418/<br>2023/തീ. 30/04/2023 | 41 | 1-1 മുതൽ 1-27 വരെ<br>4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 10-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Munnar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Munnar Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Munnar Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit

2. Non disclosure of assets. Asset Register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement - Net increase/decrease in cash flow does not match with the difference between the opening and closing balance of cash and cash equivalents.

2. Amounts directly credited by bank through online payments is not taken in to account of concerned heads.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Authenticated Journal vouchers not produced for depreciation provided.

5. Demand Register does not match with Financial statements.

6. The registers viz.,stock register,advance register,deposit register,loan register etc, are not maintained correctly and or does not match with accounts

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്